# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3118 | 15.12.2015-ൽ മറുപടിക്ക് |

## ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്ന് നൽകുന്ന ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങളുടെ ഭാഗമായി ബാധ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഡിജിറ്റൽ ഒപ്പോടുകൂടിയ ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം തിരുവനന്തപുരം ജില്ലയിൽ പൂർത്തീകരിക്കുകയും, മറ്റ് ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ നടന്നു വരികയും ചെയ്യുന്നു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ടു പോകാതെ ഓൺലൈൻ മുഖേന ബാധ്യതാ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കഴിയുകയെന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) BSNL, KSWAN എന്നീ ഏജൻസികളുടെ സഹായത്തോടുകൂടി Leased Line സർക്യൂട്ട് കണക്ടിവിറ്റി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നൽകുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. എൻ.ഐ.സിയുടെ സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഡേറ്റ, സ്റ്റേറ്റ് ഡേറ്റാസെന്ററിൽ കേന്ദ്രീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**